**<u>ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ</u>**

**<u>അഡീഷണൽ ഡയറക്ടർ(എ&റ്റി)-യുടെ നടപടിക്രമം</u>**

വിഷയം: ശ്രീമതി.ഷംല.ജെ-യുടെ ഫാർമസിസ്റ്റ് ഗ്രേഡ് 2 സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുന:ക്രമീകരിച്ച് പുറപ്പെടുവിച്ച നോട്ടീസ് റദ്ദാക്കി ഉത്തരവ്.

പരാമർശം:

1. കത്ത് നം.DMOH-ALP/2777/2023/A5,തീയതി:03/08/2023
2. ഉത്തരവ് നം.ഇ.എസ്3-101931/09/ആ.വ.ഡ,തീയതി:24/06/2013
3. ഉത്തരവ് നം.ഇ.ഇ4-82156/2010/ആ.വ.ഡ,തീയതി:10/12/2014
4. ഉത്തരവ് നം.ഇ.എസ്3-59191/2014/ആ.വ.ഡ,തീയതി:13/01/2016
5. കത്ത് നം.DMOH-ALP/2763/2024/A5,തീയതി:08/05/2024
6. നോട്ടീസ് നം.ഇ.എസ്3-9689/2023/ആ.വ.ഡ,തീയതി:16/04/2024

**<u>ഉത്തരവ് നം.ഇ.എസ്3-9689/2023/ആ.വ.ഡ,തീയതി:21-06-2024</u>**

ആലപ്പുഴ വനിത ശിശു ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി ജോലി ചെയ്തുവരുന്ന ശ്രീമതി.ഷംല.ജെ PII(3)858/03/KPSC/2005 PLD DTD.15/06/2005 അഡ്വൈസ് പ്രകാരം പാലക്കാട് നെന്മാറ പി.എച്ച്.സി-യിൽ ജോലിയിൽ പ്രവേശിക്കുകയും 08/06/2012 തീയതിയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 ആയി ആലപ്പുഴയിലേയ്ക്ക് അന്തർജില്ലാസ്ഥലംമാറ്റം വാങ്ങിയിട്ടും സീനിയോരിറ്റി നഷ്ടപ്പെടാതെ ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിയ്ക്കുകയും ചെയ്തതായി പരാമർശം 1 പ്രകാരം ആക്ഷേപമുന്നയിച്ചിരുന്നു.തുടർന്ന് ശ്രീമതി.ഷംല.ജെ-യുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ടിയാരി **09/06/2012** മുതൽ ആലപ്പുഴ ജില്ലയിലെ എടത്വ സി.എച്ച്.സി-യിൽ ജോലിയിൽ പ്രവേശിച്ചതായും ബോധ്യപ്പെട്ടു.പരാമർശം 2-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച **1999-2008** കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 സീനിയോരിറ്റി പട്ടികയിൽ ടിയാരിയുടെ അഡ്വൈസ് തീയതി പ്രകാരം **368-ാം** സ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട്.ടി റാങ്കിന്റെ അടിസ്ഥാനത്തിൽ പരാമർശം 3-ലെ ഉത്തരവ് പ്രകാരം ടിയാരിയ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിച്ചതായും സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമായിരുന്നു.

മേൽ സാഹചര്യത്തിൽ ടിയാരി അന്തർജില്ലാസ്ഥലംമാറ്റം വാങ്ങി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ **09/06/2012** പരിഗണിച്ച് പരാമർശം 4-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച **2009-2013** കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ **287A** സ്ഥാനത്ത് താത്ക്കാലികമായി ഉൾപ്പെടുത്തിയും പരാമർശം 2 പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ടിയാൾക്ക് നൽകിയ **368-ാം** സ്ഥാനം റദ്ദ് ചെയ്തും പരാമർശം 6

പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി നോട്ടീസിന്മേൽ ശ്രീമതി.ഷംല.ജെ പരാമർശം 5 പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു **K.R Mudgal vs R.P Singh & Others [1986 (4) SCC 531]-ലെ ബഹു.സുപ്രീം കോടതി വിധിന്യായത്തിൽ 3-4 വർഷത്തേയ്ക്ക് പരാതികൾക്കിടയില്ലാത്തവിധം നിലനിൽക്കുന്ന സീനിയോരിറ്റി പട്ടികയിൽ പിന്നീട് മാറ്റം വരുത്താൻ പാടില്ലായെന്ന് വ്യക്തമാക്കുന്നു.** ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഫാർമസിസ്റ്റ് ഗ്രേഡ് 1 ജീവനക്കാരിയായ ശ്രീമതി.ഷംല.ജെ-യുടെ സീനിയോരിറ്റി പുന:നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 6-ലെ നോട്ടീസ് പ്രകാരമുള്ള താത്ക്കാലിക തീരുമാനം റദ്ദ് ചെയ്തുകൊണ്ടും പരാമർശം 2-ലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 സീനിയോരിറ്റി പട്ടികയിൽ ടിയാരിയെ **368-ാം** സ്ഥാനത്ത് നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Jayasree V
Date: 21-06-2024 11:08:59

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

1. ബന്ധപ്പെട്ട ജീവനക്കാർക്ക്(ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)

**പകർപ്പ്**

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ